**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **09-12-2022 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ലംഘനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് വാഹന പരിശോധനയും, ക്യാമറ സംവിധാനം വഴി അമിത വേഗത കണ്ടെത്തി നടപടി സ്വീകരിക്കുന്ന സംവിധാനവുമാണ് നിലവിലുള്ളത്. വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിലുള്ള സമ്പ്രദായം പര്യാപ്തമാണ്. |
| (ബി) | അമിതമായ പലവിധ ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; | (ബി) | അമിതമായ പലവിധ ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ 'ഓപ്പറേഷൻ ഫോക്കസ്' എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുൾപ്പെടെ കർശന പരിശോധനകളും, നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | നിയമ ലംഘനം നടത്തുന്ന വാഹന ഉടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നിയമലംഘനം നടത്തുന്ന ഡ്രൈവർമാർക്കെതിരെയും വാഹന ഉടമകൾക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. അമിതവേഗത കണ്ടെത്തിയാൽ കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ സെക്ഷൻ 183 പ്രകാരം പിഴ ഈടാക്കൽ, ഡ്രൈവിംഗ് ലൈസൻസിന് അയോഗ്യത കല്പിക്കൽ, ഫിറ്റ്നസ് റദ്ദാക്കൽ എന്നീ കടുത്ത നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ